# അതിശയ വാഹനം

ഓർമ്മയുടെ സൈക്കിൾ

റഫീഖ് അഹമ്മദ്

തീർച്ചയായും സൈക്കിൾ അതിശയകരമായ ഒരു വാഹനമാകുന്നു. ആകാശത്തിൻെറ നീലച്ചില്ലു വിതാനങ്ങളിലൂടെ കുതിച്ചുപായുന്ന വിമാനവും മഹാസമുദ്രത്തിന്റെ അഗാധഹൃദങ്ങളിൽ ഊളിയിടുന്ന മുങ്ങിക്കപ്പലും അത്ഭുതകരം തന്നെ. എന്നാൽ അവയൊക്കെയും യന്ത്രസഹായത്താലാണല്ലോ ചലിക്കുന്നത്. സൈക്കിളിനുമുണ്ട് ലഘുവും ലളിതവുമായ യന്ത്രസംവിധാനങ്ങൾ. പക്ഷേ സൈക്കിളിനെ മുന്നോട്ട് ചലിപ്പിക്കുന്നത് അതിലിരിക്കുന്ന ആളിൻെറ വിചാരങ്ങളാകുന്നു. അയാളുടെ സ്വപ്നമാണതിൻെറ ഇന്ധനം. ഒരു താങ്ങില്ലാതെ ഒരിക്കലും നിൽക്കാൻ കഴിയാത്ത, ഇരുചക്രങ്ങളോട് കൂടിയ ഈ വാഹനം അതിൻെറ ഹൃദയത്തിൽ ഒരാളെ ഇരുത്തിക്കഴിഞ്ഞാൽ പിന്നെ അയാളുടെ കാലുകളുടെ മറ്റൊരർഥമായി മാറുന്നു. അതുകൊണ്ടാണ് ഏറ്റവും കാൽപനികമായ വാഹനമായി സൈക്കിൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. പഴയ സിനിമകളിലെ പ്രണയവാഹനം മറ്റൊന്നായിരുന്നില്ല എന്ന് ഓർക്കുക.

സൈക്കിളറിവ് എവിടെയാണിരിക്കുന്നത്? കാൽത്തണ്ടകളിലോ? പാദങ്ങളിലോ? തലച്ചോറിലോ അതോ ഹൃദയത്തിലോ? ഒരിക്കൽ അറിഞ്ഞുപോയാൽ പിന്നെയത് കെട്ടുപോകുന്നില്ലല്ലോ.

സൈക്കിൾ പഠനത്തിൽ എൻെറ ആദ്യഗുരു വർഗീസായിരുന്നു. ഇട്ടൂപ്പേട്ടൻെറ കടയിൽനിന്ന് സൈക്കിൾ വാടകക്കെടുത്തിട്ടാണ് പഠനം. പുരാതനമായ ഒരു ഘടികാരത്തിൽനോക്കി ഇട്ടൂപ്പേട്ടൻ സമയം-മണിക്കൂർ, മിനിറ്റ്, സെക്കൻറ്-കണക്കിൽ എഴുതിവെക്കും. മണിക്കൂറൊന്നിന് ഇരുപത്തഞ്ച് പൈസ വാടക. ഒരു മണിക്കൂറും ഇരുപത്തഞ്ച് മിനിറ്റുമായാൽ അത് അമ്പത് പൈസയാകും. വർഗീസ് എന്നെ സൈക്കിളിൻെറ പിറകിലിരുത്തി സ്കൂൾ ഗ്രൗണ്ടിലേക്ക് നയിക്കുന്നു. ഗ്രൗണ്ടിനരികിൽ സൈക്കിളിൽ എന്നെ ഇരുത്തുന്നു. ഞാൻ സൈക്കിൾ ചവിട്ടുന്നത് ശ്രദ്ധിച്ചുനോക്കി മനസ്സിലാക്കിക്കോ എന്ന നിർദേശത്തോടെ വർഗീസ് ഗ്രൗണ്ട് മുഴുവൻ ചുറ്റിയടിക്കും. ഒരു കൈവിടും. ഒരു കാലുയർത്തും. രണ്ട് കൈവിടും. രണ്ട് കാലുമുയർത്തും. അങ്ങനെ പലപല അഭ്യാസങ്ങൾ. 'മനസ്സിലാവണില്യേ' എന്നവൻ ഇടക്കിടെ ചോദിക്കും.

ഇട്ടൂപ്പേട്ടൻെറ കൈവശമുള്ളത് പുരാതനമായ ഘടികാരമാണെങ്കിലും അതിൻെറ സൂചികൾക്ക് പ്രായാനുസൃതമല്ലാത്ത വേഗതയാണ്. സമയം ഐസ്ഫ്രൂട്ട് പോലെ അലിഞ്ഞുതീരും. കക്ഷികൾ സ്ഥലം വിട്ടുകഴിഞ്ഞാൽ ഇട്ടൂപ്പേട്ടൻ സൂചി ഒരൽപ്പം കയറ്റിവെക്കാറുണ്ടെന്ന ഒരു അപവാദവും കേട്ടിട്ടുണ്ട്. ഇട്ടൂപ്പട്ടൻ ആസകലം സൈക്കിൾ കേന്ദ്രിതമായ ഒരു ലോകവീക്ഷണം പിൻപറ്റുന്ന ആളായിരുന്നു. സൈക്കിളാത്മകമായ ജീവിതദർശനമായിരുന്നു പുള്ളിയുടേത്. അവൻെറ ചെയിൻ തെറ്റി എന്നദ്ദേഹം പറഞ്ഞാൽ അതിൻെറ അർഥം അവന് ഭ്രാന്ത് പിടിച്ചു എന്നോ അവൻെറ ജീവിതം തകരാറിലായി എന്നോ ആയിരിക്കും. നമ്മുടെ ടയറിലെ കാറ്റു കുറവാ മോനേ എന്ന് പറഞ്ഞാൽ സാമ്പത്തികമായി ഞെരുക്കത്തിലാണെന്ന് മനസ്സിലാക്കണം. ഹബ് ഇവിടെ ഇല്ല എന്നാണെങ്കിൽ ഭാര്യ സ്ഥലത്തില്ല എന്നും മഡ്ഗാർഡ് ഒന്ന് മാറ്റിയിട്ട് വരാം എന്നതിന് വസ്ത്രം മാറിവരാം എന്നുമെല്ലാം വിവക്ഷ.

പറഞ്ഞുവന്നത്, സമയമങ്ങിനെ നീളും. ഒടുവിൽ ഒരു മണിക്കൂർ അവസാനിക്കാൻ എട്ടോ പത്തോ മിനിറ്റ് ബാക്കിയാവുമ്പോൾ വർഗീസ് സ്നേഹപൂർവം എന്നെ വിളിക്കും. ഞാൻ സൈക്കിളേറും. വർഗീസ് പിറകിൽ പിടിച്ച് പതിയെ തള്ളിത്തരും. ഹാൻഡിൽ വെട്ടി വെട്ടി പെഡലിൽ ചവിട്ടി ഞെളിഞ്ഞു പിരിഞ്ഞ് ഒരിത്തിരി നീങ്ങുമ്പോഴേക്കും സമയം കഴിഞ്ഞിരിക്കും.

ന്നാ പൂവ്വാം.. വർഗീസ് തീരുമാനിക്കും. അടുത്ത ഞായറാഴ്ചയാവുമ്പോഴേക്കും ഇരുപത്തഞ്ച് പൈസ സംഘടിപ്പിക്കുന്നതെങ്ങനെ എന്നാലോചിച്ച് പുകഞ്ഞ് ഇട്ടൂപ്പേട്ടൻെറ കടയിലേക്ക് വർഗീസിൻെറ പുറകേ മടക്കം...

വർഗീസ് ഗുരു ശരിയാവില്ല എന്ന് ആഴ്ചകൾ പലതു പോകെ തിരിച്ചറിഞ്ഞു. സഹപാഠിയായ സുരേഷായിരുന്നു പിന്നത്തെ ഗുരുനാഥൻ. സുരേഷ് ശരിക്കും വിയർത്തൊലിച്ച് പഠിപ്പിച്ചു.

ഇപ്പോൾ ഹാൻഡിലൊറ



ച്ചു. ഇനി ഒറ്റക്ക് ഒറ്റക്ക് നോക്കാം. എന്ന് സുരേഷ് പലകുറി പറയാറുണ്ടെങ്കിലും പിറകിൽ അയാളുടെ ഒരു കൈ ഇല്ലെങ്കിൽ എനിക്ക് ധൈര്യം വരില്ല.

ഒരു ദിവസം അങ്ങനെ സൈക്കിൾ ചവിട്ടി മുന്നേറുകയാണ്. പുറത്ത് സുരേഷിന്റെ കിതപ്പ് വന്നടിക്കുന്നുണ്ട്. കുറേ സമയം കഴിഞ്ഞപ്പോൾ ഒരു സംശയം. സുരേഷ് ഇല്ലേ. പതുക്കെ തലയൊന്ന് വെട്ടിച്ചുനോക്കി. ഇല്ല! സുരേഷ് ആ പ്രദേശത്തൊന്നുമില്ല! ചടപടാന്നാണ് ഹാൻഡിൽ വെട്ടിയത്. ബാലൻസ് തെറ്റി. കാലു കുത്താൻ പറ്റില്ല. സൈക്കിളിന് ഉയരക്കൂടുതലാണ്, അഥവാ എനിക്ക് ഉയരക്കുറവാണ്. എങ്ങനെയോ തൊട്ടടുത്ത ഇലക്ട്രിക് പോസ്റ്റിൽ കയ്യെത്തിപ്പിടിച്ച് തൂങ്ങി. ഇറക്കത്തിലേക്ക് ഉരുണ്ടുമറിഞ്ഞ് അപ്രത്യക്ഷമാകുന്ന സൈക്കിൾ നോക്കി പോസ്റ്റിൻമേൽ പറ്റിപ്പിടിച്ചിരുന്നു.

സൈക്കിളോർമയിൽ മറ്റൊന്ന് കൂടി. മഹാ തടിയനായ ഒരു കൂട്ടുകാരൻ കോളജ് ഹോസ്റ്റലിൽ ഉണ്ടായിരുന്നു. ജോബ് എന്നാണവന്റെ പേര്. മേദസ്സ് മുറ്റിത്തൂങ്ങിയ കവിളുകളും പൊരിച്ചാക്കോളം പോന്ന വയറുമൊക്കെയായി. ഏകജീവിതാഭിലാഷം സൈക്കിൾ പഠിച്ച് ഒറ്റക്കൊന്ന് ഓടിക്കാൻ കഴിയുക എന്നത് മാത്രമാണെന്ന് അയാൾ എപ്പോഴും പറയുമായിരുന്നു. പക്ഷേ ആ മഹാമേരുവിനെ സൈക്കിളിൽ കയറ്റി ഉന്താൻ ആർക്ക് കഴിയും? എങ്കിലും ഒരു മനുഷ്യന്റെ ഏറ്റവും വലിയ ജീവിതാഭിലാഷമല്ലേ. എങ്ങനെയെങ്കിലും സഹായിച്ചേ പറ്റൂ. ഞങ്ങൾ നാലഞ്ച് സുഹൃത്തുക്കൾ കാര്യമായി ആലോചിച്ചു. തീരുമാനമെടുത്തു. കിട്ടാവുന്നതിൽ വെച്ച് ഏറ്റവും ബലമുള്ള ഒരു സൈക്കിൾ സംഘടിപ്പിച്ചു. വിശാലമായ കോളജ് മൈതാനത്തിൽ ഞങ്ങളെത്തി. സൈക്കിളിന്റെ രണ്ടു ടയറിലും ഫുൾഫിറ്റായി കാറ്റ് അടിച്ചു കയറ്റിയിരുന്നു. തടിയനെ ഒരുവിധം സൈക്കിളിൽ കയറ്റിയിരുത്തി. രണ്ട് പേർ ഇടത് വശത്ത്. രണ്ട് പേർ വലത് വശത്ത്. ഒരാൾ പിന്നിൽ. അങ്ങനെ താങ്ങി. തടിയൻ വല്ലാതെ ക്ലേശിച്ച് പെഡൽ ചവിട്ടുകയാണ്. വണ്ടി ഇടത്തോട്ട് ചെരിയുന്നു, പിന്നെ വലത്തോട്ട് ചെരിയുന്നു. ഞങ്ങൾ വിയർത്തുകുളിച്ചു. അപ്രതീക്ഷിതമായാണ് അത് സംഭവിച്ചത്. ഞങ്ങളെ ഇരുവശത്തേക്കും തള്ളിമാറ്റി തടിയൻ ജോബതാ സുഖസുന്ദരമായി സൈക്കിൾ പറത്തുന്നു! ഇരുകൈകളും മാറിമാറി വീശി, പെഡലിൻമേൽ കാലൂന്നി എഴുന്നേറ്റു നിന്നും ഇരുന്നും വളച്ചും തിരിച്ചും വട്ടം കറക്കിയും ലാലലലല്ലല്ലാ... എന്ന് പാടിക്കൊണ്ടുള്ള ജോബിന്റെ പ്രകടനം കണ്ട് വാപൊളിച്ചു നിന്നുപോയി ഞങ്ങൾ.

ദീർഘകാലത്തെ ഒരു ആഗ്രഹപൂർത്തീകരണമായിട്ടാണ് വീട്ടിലൊരു സൈക്കിൾ എത്തിയത്. ചേട്ടനാണത് സംഘടിപ്പിച്ചത്. സെക്കൻഡ് ഹാൻഡ് സൈക്കിളായിരുന്നെങ്കിലും അഴിച്ചു പണിത് പുതുതായി പെയിന്റടിച്ച് കുട്ടപ്പനാക്കിയ സൈക്കിൾ. വീട്ടിലെ ഏറ്റവും പ്രമുഖനായ അംഗമായി അത് മാറി. പ്രഥമ പൗരൻ എന്ന് പറയാം-ഇക്കാലത്ത് ടി.വി സെറ്റ് അലങ്കരിക്കുന്ന ആ സ്ഥാനം. എനിക്കും അനുജനും വളരെ തുച്ഛമായ നിശ്ചിത സമയങ്ങളിൽ മാത്രമേ സൈക്കിളോടിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ചേട്ടനാണതിന്റെ സർവാധികാരി. ഓരോ പ്രാവശ്യവും ഞങ്ങളത് ഓടിച്ചു വന്നാൽ ചേട്ടന്റെ വക സൂക്ഷ്മ പരിശോധന ഉണ്ടായിരിക്കും. കാറ്റ് കുറഞ്ഞിട്ടുണ്ടോ, എവിടെയെങ്കിലും ഉരഞ്ഞ് പെയിന്റ് പോയിട്ടുണ്ടോ. ബ്രേക്ക് പോയിട്ടുണ്ടോ എന്നെല്ലാം. ഏറ്റവും രസകരമായ സംഗതി ചേട്ടന് സൈക്കിൾ സവാരിയിൽ അത്രകണ്ട് പ്രാവീണ്യം സിദ്ധിച്ചിരുന്നില്ല എന്നുള്ളതാണ്. വളരെ വൈകിയാണ് അദ്ദേഹം സൈക്കിൾ അഭ്യസിക്കാൻ തുടങ്ങിയത്. സൈക്കിളെത്തിയിട്ട് ഏകദേശം ഒരാഴ്ച തികഞ്ഞു കാണണം. അന്നൊരു ദിവസം ചേട്ടൻ സൈക്കിളെടുത്തു പുറത്തുപോയി. അൽപം കഴിഞ്ഞപ്പോഴുണ്ട് മടങ്ങിവരുന്നു. സൈക്കിളില്ല. ദേഹമാസകലം മണ്ണും ചെളിയും പറ്റിയിട്ടുണ്ട്. കൈകാലുകൾ അങ്ങിങ്ങ് മുറിഞ്ഞ് ചോര പൊടിയുന്നു. ഇത്തിരി ഞൊണ്ടിക്കൊണ്ടാണ് നടപ്പ്.

എന്തുപറ്റി?

എല്ലാവരും ആകാംക്ഷയോടെ ചോദിച്ചു.

ഞാനൊന്നു വീണതാ, പക്ഷേ

പക്ഷേ?

പക്ഷേ സൈക്കിൾ വീണിട്ടില്ല.

വിമാനയാത്രഭയമാകുന്നു. മേഘങ്ങൾക്കും നക്ഷത്രങ്ങൾക്കുമിടയിലൂടെ സൗമ്യമായി സഞ്ചരിക്കാവുന്ന തരം സൈക്കിൾ ശാസ്ത്രം ഉടനെ കണ്ടുപിടിക്കുമെന്ന പ്രതീക്ഷയിൽ കഴിയുകയാണ്. ●